# G.U.P.S.
# ARANATTUKARA

THRISSUR WEST



# ACADEMIC
# MASTER PLAN

## 2025-2026

# SCHOOL PROFILE 2025-26

| | |
|---|---|
| **School Name** | **:G. U. P. S. Aranattukara** |
| **School Code** | **:22671** |
| **Sub District** | **:Thrissur West** |
| **Edu District** | **:Thrissur** |
| **Revenue District** | **:Thrissur** |
| **Name of Cluster** | **: G.U.P.S. Aranattukara** |
| **Name of Corporation** | **: Thrissur** |
| **Name of BRC** | **: URC Thrissur** |
| **Name of District** | **: Thrissur** |
| **Name of Head Mistress** | **: Smt. Bindu K K** |
| **Phone No.** | **: 9846837969** |
| **Phone No. of Institution** | **: 0487 2383896** |
| **School Email** | **: teachersgups123@gmail.com** |

# ഉള്ളടക്കം

| ക്രമനമ്പർ | | പേജ്നമ്പർ |
|---|---|---|
| 1 | പ്രൊഫൈൽ | 2 |
| 2 | ഉള്ളടക്ക പേജ് | 3 |
| 3 | ആമുഖം | 4 |
| 4 | വിദ്യാലയ ചരിത്രം | 6 |
| 5 | ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ | 9 |
| 6 | ക്ലാസ്സ് അടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം 2025-26 | 10 |
| 7 | അധ്യാപകരെ സംബന്ധിച്ച് വിവരങ്ങൾ 2025-26 | 11 |
| 8 | കാഴ്ചപ്പാട് | 12 |
| 9 | പൊതു ലക്ഷ്യങ്ങൾ | 14 |
| 10 | പ്രവർത്തന വിശദാംശങ്ങൾ | 17 |
| | മലയാളം | 18 |
| | ഇംഗ്ലീഷ് | 20 |
| | ഹിന്ദി | 22 |
| | ശാസ്ത്രം | 25 |
| | സാമൂഹ്യശാസ്ത്രം | 28 |
| | ഗണിതം | 31 |
| | വിവരസാങ്കേതികവിദ്യ | 34 |
| | പ്രവർത്തി പരിചയം | 36 |
| | കലാ വിദ്യാഭ്യാസം | 39 |
| | ആരോഗ്യ കായിക വിദ്യാഭ്യാസം | 42 |
| | നിർവഹണ ചുമതല | 47 |

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ അക്കാദമിക മികവും ഗുണനിലവാരവും മെച്ചപ്പെടുത്താൻ പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭൗതികവും അക്കാദമികവും സാമൂഹികവുമായ സാഹചര്യങ്ങളിലുള്ള വികസനം, കൈറ്റ് നടപ്പിലാക്കിയ ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ, സ്മാർട്ട് ക്ലാസ് മുറിവുകൾ എന്നിവ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സമഗ്രമായ ഒരു മുന്നേറ്റം ലക്ഷ്യം വയ്ക്കുകയാണിവിടെ. ഇതിന് വിദ്യാലയവുമായി നേരിട്ട് ബന്ധപ്പെട്ടവരോടൊപ്പം അയൽപ്പക്ക സമൂഹത്തിലെ മുഴുവൻ പേരേയും ഈ പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുണ്ട്. നിലവിലുള്ള പി. ടി. എ., എസ്. എം. സി., എം. പി. ടി. എ തുടങ്ങിയ സമിതികൾക്കൊപ്പം പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്കും വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ സംഭാവനകൾ നൽകാനാവും. ഇതിനു പുറമെ സ്കൂൾ പരിസരത്തുള്ള ജനപ്രതിനിധികൾ,

ക്ലബ്ബുകൾ, വായനശാലകൾ, സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തുന്ന വിപുലമായ ഒരു വിദ്യാലയ വികസന സമിതി രൂപീകരിച്ചു. ഈ യജ്ഞം മുന്നോട്ടുപോകുന്നതിലൂടെ ഈ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറേണ്ടതുണ്ട്. അതിനാൽ എല്ലാവരും ഒത്തൊരുമിച്ച് മുന്നേറേണ്ടതുണ്ട്. വിദ്യാലയ വികസനം അതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. പൊതു വിദ്യാലയങ്ങൾ തുറന്ന പാഠപുസ്തകങ്ങളായി വർത്തിക്കുമ്പോൾ അതിന്റെ മാറ്റം സമൂഹത്തി ലേക്കും അലയടിച്ചുയരും, ഈ കൂട്ടായ പ്രവർത്തനം വരും തലമുറയുടെ ഭാവി മാറ്റി മറിക്കാൻ ഉതകുന്നതായിരിക്കും.

# വിദ്യാലയ ചരിത്രം

കേരളത്തിന്റെ സാംസ്കാരിക നഗരമായ തൃശൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന പ്രദേശമാണ് അരണാട്ടുകര, തൃശൂർ കോർപ്പറേഷന്റെ 51-ാം ഡിവി ഷനിലാണ് അരണാട്ടുകര ഗവ. യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. ഇംഗ്ലീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് തങ്ങളുടെ മക്കളെ മാതൃഭാഷ പഠിപ്പിക്കുന്നതിനുവേണ്ടി ഇന്നാട്ടുകാരായി രാജ്യസ്നേഹികൾ 1902 ൽ രൂപം നല്കിയതാണ് ഈ വിദ്യാലയം. മലയാളം സ്കൂൾ എന്ന് ഇന്നും അറിയപ്പെടുന്ന ഈ സ്കൂൾ ആ നിലയ്ക്ക് ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഭാഗമാണ്. പിന്നീട് സർക്കാർ ഏറ്റെടുത്ത മലയാളം സ്കൂൾ ഇന്ന് കാണുന്ന സർക്കാർ വക ഭൂമിയിൽ 4-ാം ക്ലാസ്സ് വരെയുള്ള സ്കൂളായി പ്രവർത്തനമാരംഭിച്ചു.1940 മുതൽ 1960 വരെ ഈ വിദ്യാലയത്തിൽ 500 ൽ അധികം കുട്ടികളും 18 ഡിവിഷനുകളും ഉണ്ടായി രുന്നു. 1980 ൽ ഈ വിദ്യാലയം യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. സമീപത്തുള്ള മാനേജ്മെന്റ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചപ്പോൾ(girls only, boys only ) കുട്ടികളുടെ എണ്ണത്തിൽ സാരമായ കുറവുണ്ടായി. ക്രമേണ വരും വർഷങ്ങളിൽ എണ്ണം കുറഞ്ഞു വരികയും ഡിവിഷനുകളുടെ എണ്ണം ഓരോന്നായി ചുരുങ്ങുകയും ചെയ്തു. തുടർന്ന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എസ്. എസ്. കെ.യുടെയും കോർപ്പറേഷന്റെയും നേതൃത്വത്തിൽ സ്കൂളിന്റെ ഭൗതിക സാഹചര്യം കൂടുതൽ മികവുറ്റതായി. എം.എൽ.എ. ഫണ്ട്, കോർപ്പറേഷൻ ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂളിലെ ക്ലാസ് മുറികൾ സ്മാർട്ട് ആക്കി. കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് സ്റ്റേജ് നവീകരണം

സാധ്യമാക്കി. കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് സ്കൂളിന്റെ ചുറ്റുമതിലും പ്രവേശന കവാടവും നിർമ്മിച്ച് സ്കൂളിലെ മോഡിയാക്കി കോർപ്പറേഷൻ ഫണ്ട് പിഡബ്ല്യുഡി എന്നിവയുടെ സഹകരണത്താൽ ഒരു കോടി 39 ലക്ഷം രൂപയുടെ പുതിയ ബിൽഡിങ്ങിന്റെ പണി പുരോഗമിക്കുകയാണ്. 2002 - 23 അധ്യയനവർഷം മുതൽ മോഡൽ ഇൻക്ലൂസീവ് എജുക്കേഷൻ ഈ സ്കൂളിൽ ആരംഭിച്ചു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സ്പെഷ്യൽ റിസോഴ്സ് ടീച്ചറുടെ നേതൃത്വത്തിൽ മോഡൽ ഇൻക്ലൂസീവ് എഡ്യൂക്കേഷനായി ഒരു ക്ലാസ് റൂമും സാമഗ്രികളും ഒരുക്കി പ്രവർത്തിച്ചു പോരുന്നു. ഓരോ കുട്ടിയുടെയും കഴിവുകൾക്കും പരിമിതികൾക്കും അനുസരിച്ചുള്ള പഠനസാമഗ്രികളും തെറാപ്പി സൗകര്യങ്ങളും മെഡിക്കൽ ഫെസിലിറ്റിക്ക് ആവശ്യമായ സാമഗ്രികളും ഇവിടെ ഒരുക്കിയിട്ടുണ്ട്. റിസോഴ്സ് റൂമിലെ പഠനശേഷം ഈ കുട്ടികൾ സാധാരണ ക്ലാസ് റൂമുകളിൽ മറ്റു കുട്ടികളോടൊപ്പം ചേരും. ഇത് അവർക്ക് സാമൂഹികമായി ഇടപഴകാനും സൗഹൃദങ്ങൾ സ്ഥാപിക്കാനുള്ള അവസരം നൽകുന്നു.

## വർണക്കൂടാരം

പ്രീപ്രൈമറി ഓരോ കുട്ടിയുടെയും ജീവിതത്തിൽ ഏറ്റവും നിർണായകമായ ഒന്നാണ്. പ്രീസ്കൂൾ കാലഘട്ടം സാമൂഹികവും വൈകാരികവും സർഗാത്മകവുമായ മേഖലകളുടെ വികാസം കൂടുതലായി നടക്കുന്ന കാലമാണിത്. ഈ ലക്ഷ്യങ്ങളെ മുൻനിർത്തി ജി. യു. പി. എസ്. അരണാട്ടുകരയിൽ 34 വർഷമായി പ്രീപ്രൈമറി പ്രവർത്തിച്ചുവരുന്നു. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന് വേണ്ടി നമ്മുടെ സ്കൂളിലും 2022-23 സ്റ്റാർസ് പ്രോജക്ട് വർണക്കൂടാരം നടപ്പിലാക്കി. ശാസ്ത്രം, ഗണിതം, വരയിടം, ഭാഷാ വികസനയിടം, കുഞ്ഞരങ്ങ് തുടങ്ങിയ 12

**പ്രവർത്തന ഇടങ്ങൾ ഇവിടെ കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രവർത്തനങ്ങൾ ശാസ്ത്രീയ അടിസ്ഥാനമുള്ളതും കുഞ്ഞുങ്ങളിൽ കൗതുകം ജനിപ്പിക്കുന്നതും വൈവിധ്യങ്ങൾ നിറഞ്ഞതുമാണ്. കുട്ടികളുടെ വികാസ മേഖലകൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് അധ്യാപകർക്കും പിന്തുണ ലഭിച്ചു. അന്തർദേശീയ നിലവാരമുള്ള പ്രീപ്രൈമറി ഒരുക്കിയതിലൂടെ കുട്ടികളിലും രക്ഷിതാക്കളിലും പൊതു വിദ്യാഭ്യാസത്തിലുള്ള ആത്മവിശ്വാസവും സ്വീകാര്യതയും വർദ്ധിപ്പിക്കുന്നതിന് സാധിച്ചു.**

# ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

സാമ്പത്തികമായി ഉയർന്നു നില്ക്കുന്നതും, ജനസാന്ദ്രത കൂടുതലുള്ളതുമായ ഒരു പ്രദേശമാണ് അരണാട്ടുകര. ഇത് തൃശൂർ നഗരത്തിനോട് വളരെ അടുത്താണ്. ഈ പ്രദേശത്തുള്ള ഭൂരിഭാഗം പേരും ഉദ്യോഗസ്ഥരും വ്യാപാരികളുമാണ്. 3 കി. മീ. പരിധിക്കുള്ളിൽ തന്നെ, (1) ഇൻഫാന്റ് ജീസസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ (2) ഇൻഫാന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് എൽ.പി. സ്കൂൾ (3) തരകൻസ് എൽ. പി. സ്കൂൾ (4) തരകൻസ് ഹൈസ്കൂൾ (5) സെന്റ് ആൻസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ (6) എൻ. എസ്. എസ്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ എന്നിങ്ങനെ ആറോളം സ്കൂളുകൾ നിലനില്ക്കുന്നു. അതിലെ ഏക സർക്കാർ വിദ്യാലയം അരണാട്ടുകര ഗവ. യു. പി. സ്കൂളാണ്. ഇവിടെ നിന്ന് ടൗണിന്റെ വിവിധ ഭാഗങ്ങളുമായി എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന വ്യത്യസ്ത റോഡുകളുണ്ട്. വിദ്യാലയത്തിന്റെ നാലു ഭാഗവും റോഡുകളാണ് എങ്കിലും വളരെ ശാന്തസുന്ദരമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്.

# ക്ലാസ്സ് അടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം 2025-26

| Class | Boys | Girls | Total | General | OBC | Muslim | OEC | SC | APL | BPL | CWSN |
|---|---|---|---|---|---|---|---|---|---|---|---|
| PRE PRIMARY | 14 | 8 | 22 | 4 | 8 | 0 | 0 | 10 | 9 | 13 | 3 |
| I | 6 | 3 | 9 | 2 | 2 | 1 | 0 | 5 | 3 | 6 | 1 |
| II | 3 | 4 | 7 | 2 | 2 | 1 | 0 | 3 | 4 | 3 | 2 |
| III | 4 | 2 | 6 | 2 | 1 | 0 | 0 | 3 | 4 | 2 | 3 |
| IV | 7 | 5 | 12 | 2 | 6 | 1 | 0 | 4 | 9 | 3 | 8 |
| V | 6 | 3 | 9 | 1 | 4 | 0 | 0 | 4 | 5 | 4 | 2 |
| VI | 2 | 1 | 3 | 0 | 1 | 0 | 0 | 2 | 1 | 2 | 1 |
| VII | 4 | 2 | 6 | 1 | 2 | 0 | 0 | 3 | 3 | 3 | 1 |
| Total | 46 | 28 | 74 | 14 | 26 | 3 | 0 | 34 | 38 | 36 | 21 |

# അധ്യാപകരെ സംബന്ധിച്ച് വിവരങ്ങൾ 2025-26

| SI NO | NAME | DESIGNATION | QUALIFICATION | CLASSES |
|---|---|---|---|---|
| 1 | BINDU K K | HM | Bcom TTC | VI |
| 2 | LATHA K | LPST | SSLC TTC | I |
| 3 | SUNITHA JOHN P | LPST | Bcom TTC | II |
| 4 | SREEJA P U | LPST | BSc TTC | III |
| 5 | SREELETHA K | LPST | PDC TTC | IV |
| 6 | PRASENAN K A | UPST | PDC TTC | V,VI,VII |
| 7 | LISA PAUL | UPST | MSc,BEd SET | V,VI,VII |
| 8 | SAJEESHA K S | PT HINDI | MA BEd | V,VI,VII |
| 9 | BINDU E K | PRE PRIMARY | PDC PPTTC | PRE PRIMARY |

# കാഴ്ചപ്പാട്

പ്രവേശനോത്സവത്തോടുകൂടി ജൂൺ മാസം ആരംഭിക്കുന്ന പുതിയ അദ്ധ്യയനവർഷത്തിന്റെ പ്രരംഭ ആഴ്ചയിൽ എല്ലാ ക്ലാസ്സുകളിലും പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം അവരുടെ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാരബോധനം ആസൂത്രണം ചെയ്ത് നടപ്പിലാക്കും. കൂടാതെ വേനൽ അവധിക്കാലത്തിനു ശേഷം വരുന്ന കുട്ടികൾക്ക് പഠനം ആസ്വാദ്യകരമാക്കേണ്ടതുണ്ട്. അതിനായി പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറെ ആസ്വാദ്യകരമായ രീതിയിൽ ചിട്ടപ്പെടുത്തി നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ക്ലാസ് റൂമുകളിൽ നടപ്പിലാക്കും

എല്ലാ കുട്ടികൾക്കും ലൈബ്രറി അനുഭവവേദ്യമാക്കുന്നതിന് ആഴ്ചയിൽ ഒരിക്കൽ വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും വായിക്കാനുള്ള അവസരം ഒരുക്കുകയും ചെയ്യും. വിദ്യാലയവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നഎല്ലാവരിലും വായനയുടെ സംസ്കാരം വളർത്തിയെടുക്കും ശക്തമായ സാംസ്കാരികപ്രവർത്തനമായി വായനയെ മാറ്റും.

പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുതിയ സ്കൂൾ കെട്ടിടത്തിൽ ഒരുക്കിയിരിക്കുന്ന ലാബ് എല്ലാ കുട്ടികൾക്കും പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധിക്കുന്ന രീതിയിൽ സജ്ജീകരിക്കും. സ്വന്തമായി പരീക്ഷണങ്ങളിൽ ഏർപ്പെടുകയും മോഡലുകളും മറ്റും നിർമ്മിക്കുന്നത് വഴി കുട്ടികളിൽ ശാസ്ത്രാഭിരുചിയും നിരീക്ഷണപാടവവും

വളർത്തും. ജൈവവൈവിധ്യ പാർക്കുകൾ നിർമ്മിക്കുന്നതുവഴി പ്രകൃതിയെ ആഴത്തിൽ നിരീക്ഷിക്കുവാനും പ്രകൃതിയെ തൊട്ടറിയുവാനും കുട്ടികൾക്ക് സാധിക്കുന്നു. പ്രകൃതി ഒരു പാഠപുസ്തകം എന്ന സന്ദേശം കുട്ടികളിൽ എത്തിക്കുന്നു.

കുട്ടികളുടെ കലാകായിക പ്രവൃത്തി പരിചയ അഭിരുചികൾ വളർത്തിയെടുക്കുന്നതിന് പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം വഴി കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ച ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. ഇതുമൂലം കുട്ടികളുടെ കഴിവുകൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യും.

പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും. പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്ത് ഇടപെടുന്നതിന് അദ്ധ്യാപകർ പ്രാപ്തരാകും. ഇങ്ങനെ ഇവരെ മുഖ്യധാരയിൽ എത്തിക്കും. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും സമഗ്രഗുണമേന്മാ വിദ്യാഭ്യാസം നല്കികൊണ്ടും വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷമാക്കിയും കൂടുതൽ കുട്ടികളെ സ്കൂൾ അങ്കണത്തിൽ എത്തിക്കും.

# ലക്ഷ്യങ്ങൾ

**പൊതുലക്ഷ്യങ്ങൾ**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ആവിഷ്കരണത്തിലൂടെ വിവിധങ്ങളായ ലക്ഷ്യങ്ങൾ കൈവരിക്കണമെന്ന് സ്കൂൾ വികസന സമിതിയോട് ചേർന്ന് നിന്ന് അധ്യാപകരും രക്ഷിതാക്കളും സ്വപ്നം കാണുന്നു. കുട്ടികൾക്ക് ഉല്ലാസത്തിനായി ആധുനിക രീതിയിലുള്ള പാർക്ക് നിർമ്മാണം, സ്കൂളിന്റെ പൊതുയോഗങ്ങൾ നടത്തുന്നതിന് ആവശ്യമായ ഹാളിന്റെ നവീകരണം, പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് ആകർഷകമാക്കുക എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. ഈ കാലഘട്ടത്തിൽ പാഠ്യ വിഷയങ്ങൾക്കൊപ്പം മറ്റു വിഷയങ്ങളിലും കുട്ടികൾ ആർജ്ജവം നേടേണ്ടതുണ്ട് . ഇതിനായി സ്കൂൾ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം നൂതന സാങ്കേതിക വിദ്യ കൂടി ഉപയോഗിച്ച് പുതിയ തലമുറയുടെ ഭാവി വാർത്തെടുക്കാം എന്ന് ലക്ഷ്യം വയ്ക്കുന്നു. ജൈവ വൈവിധ്യ പാർക്കുകൾ പ്രകൃതി തന്നെ ഒരു പാഠപുസ്തകം എന്ന ആശയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കേട്ടു മനസ്സിലാക്കുക എന്ന തിലുപരി കണ്ടും, തൊട്ടും മനസ്സിലാക്കുക എന്ന ലക്ഷ്യത്തെ മുൻ നിർത്തുന്നുണ്ട്. ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടുന്നതിലൂടെ പൊതു സമൂഹത്തിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് അവർക്കാവശ്യമുള്ളവ സധൈര്യം ചോദിച്ചു മനസ്സിലാക്കി മുന്നേറാൻ സാധിക്കുന്നു. അന്താരാഷ്ട്ര

പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ തന്നെ ലഭ്യമാക്കുന്നതാണ് മറ്റൊരു രീതി. പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയെന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

**സവിശേഷ ലക്ഷ്യങ്ങൾ**

1.ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കിമാറ്റുക.

2. ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണക്കാക്കുക. അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്തപ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.

3.ഓരോ ആഴ്ചയിലും എസ്. ആർ. ജി. കൂടി അക്കാദമിക കാര്യങ്ങളിൽ പൂർണ്ണത ലഭിക്കാൻ എന്തെല്ലാം ചെയ്യണമെന്നും ദിനാചരണങ്ങളെ പാഠ്യപ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. വ്യക്തമായ ആസൂത്രണത്തിലൂടെ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടികളുടേയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ്, മുഴുവൻ കുട്ടികളുടേയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക.

**5.ബോധവൽക്കരണ ക്ലാസുകൾ - രക്ഷിതാക്കൾ, സഹപാഠികൾ, പൊതുസമൂഹം എന്നിവർക്ക്**

**6.പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് (കാഴ്ച, കേൾവി, ബുദ്ധിപരമായ വെല്ലുവിളികൾ) അക്കാദമിക പിന്തുണയും പരിഹാരബോധന ക്ലാസുകളും ലഭ്യമാക്കുക.തെറാപ്പി സംവിധാനങ്ങൾ ലഭ്യമാക്കുക.**

**7.വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടേയും മാനസികവും ബുദ്ധിപരവുമായ എല്ലാകഴിവുകളും വികസിപ്പിച്ച് അക്കാദമിക വളർച്ച ഉറപ്പു വരുത്തുക**

**8.കുട്ടികളുടെ സർഗ്ഗവാസനകൾ ഉണർത്തി,അവ പ്രകടിപ്പിക്കുന്നതിന് കലാപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.**

**9.കുട്ടികളുടെ ആരോഗ്യത്തിനും ഉന്മേഷത്തിനും കായിക പരിപാടികൾ ആസൂത്രണം ചെയ്യുക,കുട്ടികൾക്ക് കളിക്കുന്നതിന് ആവശ്യമായ കളിസ്ഥലം എന്നിവ സജ്ജമാക്കുക**

**10.ലഹരി വിരുദ്ധ വിദ്യാലയം, ഹരിത വിദ്യാലയം, ശുചിത്വ വിദ്യാലയം - വിദ്യാലയ സാഹചര്യങ്ങൾ ഇവയ്ക്കനുസൃതമായി ഒരുക്കുക.**

**11.മുഴുവൻ ക്ലാസ് മുറികളിലും ഡിജിറ്റൽ സംവിധാനങ്ങൾ,ശാസ്ത്ര കിറ്റ്,വായനാമുറി എന്നീ സജ്ജീകരണങ്ങൾ ഉറപ്പുവരുത്തുക.**

**12.ഉച്ചഭക്ഷണത്തിന് നവീകരിച്ച പാചകപ്പുര, പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം ആകർഷകമായ രീതിയിൽ ഒരുക്കൽ**

**13.വിദ്യാലയം ആകർഷകവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന തരത്തിൽ മോടി പിടിപ്പിക്കുക.**

# പ്രവർത്തന വിശാദാംശങ്ങൾ

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിനും പൊതുസമൂഹത്തിന് മതിപ്പുളവാക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. ഓരോ പ്രവർത്തനങ്ങളും എപ്പോൾ നടപ്പിലാക്കണമെന്നും ചുമതലക്കാർ ആരെന്നും മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട്. പ്രവർത്തന ഫലങ്ങൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പ്രവർത്തന വിശാദാംശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കുട്ടികളും പ്രവർത്തന പരിധിയിൽ വരുന്നുണ്ടെന്നും നേട്ടങ്ങൾ കൈവരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

## മേഖല : മലയാളം

**ലക്ഷ്യങ്ങൾ**

1. മലയാളം ഭാഷ ശേഷികൾ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാ പഠനങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
3. മലയാള ഭാഷ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതികൾ ഉള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മലയാള സാഹിത്യ പഠനത്തിൽ താൽപര്യം വളർത്തുക , ഭാഷ കഴിവ് നേടുക.
6. മികച്ച വായനാശീലം വളർത്തുക. വായനയിൽ താൽപര്യം വളർത്തുന്നതിനായി ദിനപത്രങ്ങൾ വായിച്ചു പ്രധാന വാർത്തകൾ അവതരിപ്പിക്കുക.
7. ഭാഷ വ്യവഹാര വസ്തുതകൾ തെറ്റുകുടാതെ എഴുതാനും ആവിഷ്കരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക.
8. ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്തുക.
9. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ പഠന തന്ത്രങ്ങൾ ആസൂത്രണം ചെയ്യുക.
10. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഭാഷാ പഠനത്തെ (മലയാളം) പ്രയോജനപ്പെടുത്തുക.
11. ക്ലാസിക് കലകൾ ആസ്വദിക്കുന്നതിനുള്ള ശേഷി നേടുക.
12. മലയാള ഭാഷ പഠനശേഷി വികസിപ്പിക്കുക.
13. അക്ഷരം ഉറപ്പിക്കുന്നതിനായി അക്ഷര കളരി നടത്തുക.

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|---|
| # പ്രീ ടെസ്റ്റ് നടത്തുക, വിലയിരുത്തുക. | ജൂൺ ആദ്യവാരം | 1-7 | ക്ലാസ് ടീച്ചർ | 2 | PTA SSK |
| # പുസ്തക വിതരണം (ലൈബ്രറി) ചിത്ര വായന, വായനാക്കുറിപ്പ്, ക്ലാസിൽ അവതരണം (മികച്ചത് അസംബ്ലിയിൽ) ഐ. സി. ടി. | ആഴ്ചയിൽ ഒരിക്കൽ | 1-7 | ലൈബ്രറി ടീച്ചർ | 2,6.7 | |
| #ഭാഷ വ്യവഹാര രൂപങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു. | അധ്യയന വർഷാവസാനം | 3-7 | മലയാളം ക്ലബ്ബ് | 2,5 | |
| # വിദ്യാരംഗം കലാസാഹിത്യ വേദിയിൽ നാടകം, കവിതാലാപനം, കഥാവതരണം, ആസ്വാദനക്കുറിപ്പ്, യാത്രാവിവരണം എന്നിവ അവതരിപ്പിക്കുന്നു കടങ്കഥകൾ, പഴഞ്ചൊല്ല്. | എല്ലാ മാസവും | 1-7 | വിദ്യാരംഗം ടീച്ചർ | 2,4,7 | |
| # മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനുതകുന്ന ഡോക്യുമെൻററി, സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കുറിപ്പുകൾ, കവിതകൾ, പദപ്രശ്നങ്ങൾ, ക്ലാസിക് കലകൾ എന്നിവ. ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നു. | മൂന്നുമാസം കൂടുമ്പോൾ ദിനാചരണങ്ങളിൽ | 1-7 | ക്ലാസ് ടീച്ചർ | 1,5,8,10,11,12 | |
| # അക്ഷരം ഉറപ്പിക്കുന്നു. അക്ഷരക്കാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ് എന്നിവ. | അധ്യയനാരംഭം | 2-7 | ക്ലാസ് ടീച്ചർ | 2,3,913 | |

# ZONE : ENGLISH

1.Support the children who have difficulties in learning basic concept of English language to overcome it

2. Acquire language competence by assimilating knowledge through reading, since English is an international language

3.Develop good reading skills in English language

4.Develop the skill to write English sentences without making mistakes

5.Acquire the ability to use the possibilities of IT in learning English language

6.Bring all the marginalised children into the main streem

7. Empowerment of English language teachers

8.Acquire the ability and attitude to use the English learning to improve once own life

9.Utilise English learning to inculcate right values and attitude

| ACTIVITIES | PERIOD | CLASS | IN CHARGE | AIM | FINANCE |
|---|---|---|---|---|---|
| IT based classroom activities | Whole year [long] | 1 to 7 | HM | 5 | PTA SSK |
| Hello English and e cube are linked with the classroom activities | Whole year [long] | 1 to 7 | English Teacher | 1 | |
| English presentation in assembly ( skit , role play, choreography, poem, speeches etc) which are prepared as a part of classroom activities | 2 days in a week [long] | 1 to 7 | English Teacher | 6,2 | |
| Exhibit English theatre, videos, films and cartoons | Once in a month [4th Friday] | 1 to 7 | English Teacher | 2 | |
| Celebrations related to English assembly | 2 days in a week [long] | 1 to 7 | English Teacher | 9 | |
| Ensure participation in teachers study groups. Materials should be exchanged in groups | Whole year [long] | 1 to 7 | English Teacher | 7 | |
| Special activity package to solve the limitations (worksheet and other activities) | Whole year [long] | 1 to 7 | English Teacher | 8,3 | |
| Classroom interactions should be strictly in English. Create English scenarios in classroom | Whole year [long] | 1 to 7 | English Teacher | 9,8 | |
| Organising activities to read English books, different reading activities and other language schemes | Whole year [long] | 1 to 7 | English Teacher | 2,3 | |

## മേഖല : ഹിന്ദി ഭാഷ

**ലക്ഷ്യങ്ങൾ :**

1 . കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഹിന്ദി പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.

2 . ഹിന്ദി ഭാഷ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക .

3 . ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക .

4 . രാഷ്ട്രഭാഷയെന്ന നിലയിൽ ഹിന്ദി സാഹിത്യ പഠനത്തിൽ താൽപ്പര്യം വളർത്തുക .

5 . മികച്ച വായനാശീലം ഹിന്ദി ഭാഷയിൽ വികസിപ്പിക്കുക. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക .

6 . അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക .

7 . കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക .

8 . ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കുവാനും ഉള്ള അവസരം നൽകുക .

9 . ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക .

10 .ലാംഗ്വേജ് ലാബ് .

11 .ഹിന്ദി ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക .

12 .ഹിന്ദി ഭാഷ അധ്യാപക ശാക്തീകരണം .

13 .ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഹിന്ദി ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക

14 .സുരിലി ഹിന്ദിയുടെ സഹായത്തോടെ ഹിന്ദി ഭാഷാ പഠനം ലളിതമാക്കി മാറ്റുക .

| **പ്രവർത്തനങ്ങൾ** | **കാല ദൈർഘ്യം** | **ക്ലാസ്സ്** | **ചുമതല** | **ലക്ഷ്യം** | **സാമ്പത്തികം** |
|---|---|---|---|---|---|
| കൃത്യമായും സമയബന്ധിതമായും പാഠഭാഗങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നു വെന്ന് ഉറപ്പുവരുത്തുക . | ജൂൺ മുതൽ മാർച്ച് വരെ | 5,6,7 | ഹിന്ദി ടീച്ചർ | 1,2,3,4 | PTA SSK |
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ . (അക്ഷരം എഴുത്ത് , ചിഹ്നങ്ങൾ ഉറപ്പിക്കൽ , അക്ഷര കാർഡ് നിർമ്മാണം വാക്കുകൾ എഴുതിയ കാർഡുകളുടെ നിർമ്മാണം , ക്ലാസിൽ അക്ഷരമാല പ്രദർശനം മുതലായവ ) | ജൂൺ മുതൽ സെപ്റ്റംബർ വരെ | 5,6,7 | | 2,3,4,5,6,7 | |
| പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കി പരിശീലനം നൽകൽ , വർക്ക് ഷീറ്റ് മറ്റ് പ്രവർത്തനങ്ങൾ . | ജൂൺ മുതൽ മാർച്ച് വരെ | 5,6,7 | | 2,6,7,9 | |
| ക്ലാസ് റൂം ഇൻററാക്ഷൻ നിർബന്ധമായും ഹിന്ദിയിൽ നടപ്പിൽ വരുത്തുക . ക്ലാസ് റൂമിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക . | ജൂൺ മുതൽ മാർച്ച് വരെ | 5,6,7 | | 3,7,8,11 | |
| ക്ലാസ് റൂം പ്രവർത്തനങ്ങൾ ഐ ടി അധിഷ്ഠിതമാക്കുക . | | 5,6,7 | | 10,11 | |
| വീട് ഒരു പരീക്ഷണശാല . വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ . ഇതിനായി ഐ സി ടി സേവനം പ്രയോജനപ്പെടുത്തുക . | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | 5,6,7 | | 6,10 | |
| സുരീലി ഹിന്ദി : ആശയങ്ങൾ തെറ്റ | ആഴ്ചയിൽ | 5,6,7 | | 2,3,4,5 | |

| | | | | | |
|---|---|---|---|---|---|
| കൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മകത വികസിപ്പിക്കുവാനും ഉള്ള അവസരങ്ങൾ നൽകുക . ( ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ അടിക്കുറിപ്പ് കഥപറയൽ എന്നിവയുടെ അവതരണം.) | എല്ലാ ബുധനാഴ്ച യും | | | ,6,7,8, 10,14 | |
| ഹിന്ദി പ്രസന്റേഷൻ അസംബ്ലിയിൽ നടത്തുന്നു . ക്ലാസ് റൂം പഠനത്തിലൂടെ രൂപപ്പെടുന്ന ഭാഷ വ്യവഹാര രൂപങ്ങളുടെ അവതരണം . ( സ്കിറ്റ് , റോൾപ്ലേ , കവിത , പ്രസംഗം etc ). സിനിമകൾ , കാർട്ടൂണുകൾ എന്നിവയുടെ പ്രദർശനം . | മാസത്തി ലൊരിക്ക ൽ ഹിന്ദി സിനിമ കാർട്ടൂൺ എന്നിവ കാണിച്ചു കകൊടു ക്കുന്നു | **5,6,7** | | 3,4,8 | |
| ഹിന്ദി അസംബ്ലിയിൽ ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു. | ദിനാചരണ ങ്ങളുമായി ബന്ധപ്പെട്ട് | **5,6,7** | | 2,10,1 2 | |
| അധ്യാപക പഠന സംഘങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തുകയും വിഭവങ്ങൾ പരസ്പരം കൈമാറുകയും ചെയ്യു ന്നു. | വർഷം മുഴുവൻ | **5,6,7** | | | |
| ക്ലാസ് റൂം പഠന പ്രവർത്തനങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അനുയോജ്യവും ലളിതവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു . | വർഷം മുഴുവൻ | **5,6,7** | | 2,4,6,7 | |
| ഹിന്ദി പുസ്തകങ്ങളുടെ വായന പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ , റീഡിങ് കാർഡ്സ് , ഭാഷ കേളികൾ എന്നിവ സംഘടിപ്പിക്കുന്നു . | വർഷം മുഴുവൻ | **5,6,7** | | 5,9 | |

# മേഖല : ശാസ്ത്രം

## ലക്ഷ്യങ്ങൾ :

1 . ശാസ്ത്ര ചിന്ത , ശാസ്ത്ര ബോധം , ശാസ്ത്ര നൈപുണി , അന്വേഷണ വൈദഗ്ദ്യം ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക .

2 . കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .

3 . പ്രമുഖരായ ശാസ്ത്രജ്ഞരെ അറിയുക .

4 . പാരിസ്ഥിതിക അവബോധം വളർത്തുക .

5 . ശാസ്ത്ര പഠനത്തിൽ ഐ ടി യുടെ സാധ്യതയും ലബോറട്ടറിയും എല്ലാ അളവിലും ഉപയോഗിക്കുക .

6 . പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിലെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കി രേഖപ്പെടുത്തുവാൻ പരിശീലിക്കുക .

7 . ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളും ശാസ്ത്ര മനോഭാവവും ഉൾക്കൊള്ളാൻ പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക .

8. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക .

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|---|
| പ്രീ ടെസ്റ്റ് നടത്തുക , വിലയിരുത്തുക | ജൂൺ ആദ്യവാരം | 1-7 | ശാസ്ത്ര അധ്യാപികശാസ്ത്ര അധ്യാപിക | | PTA SSK |
| സമയബന്ധിതമായി പാഠഭാഗങ്ങൾ (ആശയങ്ങളും പഠന നേട്ടങ്ങളും കുട്ടികൾക്ക് ഉൾക്കൊള്ളുന്ന രീതിയിൽ) മുന്നോട്ട് കൊണ്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തുക . | ജൂൺ മുതൽ മാർച്ച് വരെ | 1-7 | HM ശാസ്ത്ര അധ്യാപിക | 1,2,5,6 | |
| പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിച്ച ശാസ്ത്രജ്ഞരെയും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരെയും കുറിച്ച് കുറിപ്പ് തയ്യാറാക്കുക . ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ഊർജിതമാക്കുക . | സമയബന്ധിതമായി | 1-7 | ശാസ്ത്ര അധ്യാപികശാസ്ത്ര അധ്യാപിക | 3,4 | |
| ക്ലാസ് റൂം പഠന പ്രവർത്തനങ്ങൾ നിർബന്ധമായും ഐ ടി അധിഷ്ഠിതമാണെന്ന് ഉറപ്പുവരുത്തുന്നു . ആവശ്യമായ പരീക്ഷണങ്ങൾ ലാബിൽ കൊണ്ടുപോയി കുട്ടികളുടെ | വർഷം മുഴുവൻ | 1-7 | ശാസ്ത്ര അധ്യാപികശാസ്ത്ര അധ്യാപിക | 5 | |

| | | | | | |
|---|---|---|---|---|---|
| പങ്കാളിത്തത്തോടെ ചെയ്യുക . | | | | | |
| സയൻസ് ഫെസ്റ്റ് - പ്രദർശനങ്ങൾ, ഉൽപ്പന്നങ്ങളും ശേഖരങ്ങളും , സെമിനാർ , സംവാദം , ക്വിസ് , ലഘുപരീക്ഷണങ്ങൾ , ഫീൽഡ് ട്രിപ്പ് . | സമയബന്ധിതമായി | 1-7 | ശാസ്ത്ര അധ്യാപിക | 1,5 | |
| പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കി പരിശീലനം നൽകൽ . വർക്ക് ഷീറ്റും മറ്റ് പ്രവർത്തനങ്ങളും . | സമയബന്ധിതമായി | 1-7 | ശാസ്ത്ര അധ്യാപിക | 7 | |
| ഭിന്നശേഷിക്കാരായകുട്ടികളുടെ പങ്കാളിത്തം എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തുക | ജൂൺ മുതൽ മാർച്ച് വരെ | 1-7 | ശാസ്ത്ര അധ്യാപിക | 8 | |

## മേഖല : സോഷ്യൽ സയൻസ്

**ലക്ഷ്യങ്ങൾ**

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങളും കുട്ടികൾ ആർജ്ജിക്കുക.

2. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാനആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അതു മറികടക്കാൻ പിന്തുണ നൽകുക.

3. സാമൂഹ്യശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക .

4. സാമൂഹ്യശാസ്ത്രപഠനത്തെ സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക .

5.ഭൂമിയെ അറിയുക, ഇന്ത്യയെ അറിയുക, കേരളത്തെ അറിയുക, നാടിനെ അറിയുക .

6. ഭൂപടം ഗ്ലോബ് തുടങ്ങിയവ കൂടാതെ സാമൂഹ്യ ശാസ്ത്ര ലാബ് ലേക്ക് ആവശ്യമായ ഉപകരണങ്ങൾസജ്ജീകരിക്കുക, അവ പഠനപ്രവർത്തനങ്ങൾ ചെയ്യുമ്പോൾ കൃത്യമായി പ്രയോജനപ്പെടുത്തുക .

7.ശരിയായമൂല്യങ്ങളുംമനോഭാവങ്ങളുംവളർത്തുന്നതിന്സാമൂഹ്യശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക .

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|---|
| പാഠഭാഗത്തെ പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നതിലൂടെ അടിസ്ഥാന സാമൂഹ്യ ശാസ്ത്രപഠനനേട്ടങ്ങൾ ആർജിക്കുക. | ടൈം-ടേബിൾ അനുസരിച്ച് സോഷ്യൽ സയൻസ് ക്ലാസ് നടത്തുന്നു (വർഷം മുഴുവനും-ദീർഘം) | 1-7 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1 ,4 | |
| ഗ്ലോബ്, മേപ്പ്, അറ്റ്ലസ് എന്നിവ ഉപയോഗപ്പെടുത്തി, നൽകുന്ന സ്ഥലങ്ങളെ കണ്ടെത്തുന്നതിനും, അങ്ങനെ സ്ഥാനനിർണയം, സ്ഥല പരിചയം, ഭൂപടവായന തുടങ്ങിയവയിൽ നൈപുണ്യം നേടുന്നതിനും പരിശീലനം നൽകുന്നു | രണ്ടാഴ്ച കൂടുമ്പോൾ ഒരുദിവസം (വർഷം മുഴുവനും-ദീർഘം) | 3-7 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 6,1,7 | |
| സാമൂഹ്യ ശാസ്ത്ര പഠനവുമായി ബന്ധമുള്ള ദിനാചരണങ്ങൾ കൂടുതൽ വിപുലമായ പ്രവർത്തനങ്ങളോടെ സംഘടിപ്പിക്കുന്നു.(സ്വാതന്ത്ര്യ ദിനം, | (വർഷം മുഴുവനും - ദീർഘം) | 1-7 | സാമൂഹ്യ ശാസ്ത്ര അ | 2,3,4,5 ,7 | |

| | | | | | |
|---|---|---|---|---|---|
| ഹിരോഷിമ ദിനം ,റിപ്പബ്ലിക്ദിനം, ഗാന്ധിജി, ശ്രീനാരായണഗുരു, ജവഹർലാൽ നെഹ്രു, സ്വാമി വിവേകാനന്ദൻ......തുടങ്ങിയ വിശിഷ്ട വ്യക്തിത്വ ങ്ങളുടെ ജന്മദിനം/ചരമദിനം) | | | ധ്യാപകർ | | |
| ഇന്ത്യ കേരളം എന്നിവ വരച്ച ജില്ലകൾ സംസ്ഥാനങ്ങൾ എന്നിവ അടയാളപ്പെടുത്താൻ പരിശീലിപ്പിക്കുക | രണ്ടുമാസത്തിലൊരിക്കൽപരിശീലനം നൽകുന്നു. (വർഷം മുഴുവനം-ദീർഘം) | 3-7 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 6 | |

## മേഖല: ഗണിതം

**ലക്ഷ്യങ്ങൾ**

**1.ഗണിത വിസ്മയം എന്ന തനതു പ്രവർത്തനം കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുക.**

പ്രധാന ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിത ആശയങ്ങളായ സങ്കലനം ഗുണനം എന്നിവ ഉറപ്പിക്കുക.
- ലോജിക്കൽതിങ്കിംഗ്, സ്പേഷ്യൽ ഇന്റലിജൻസ് എന്നിവ വികസിപ്പിക്കുന്നതിനുള്ള കൃത്യവും ക്രമവും ആയ പരിശീലന പരിപാടികൾ നടപ്പിലാക്കുക
- ഗണിതപാറ്റേണുകൾ, കുസ്രിതികണക്കുകൾ, ഗണിതകളികൾ എന്നിവ ഉപയോഗപ്പെടുത്തി ഗണിതതാത്പര്യം വളർത്തുക.

**2. ഗണിതത്തിലെ മുഴുവൻ ആശയങ്ങളും അനുഭവങ്ങളും മനസ്സിലാക്കാൻ പരിമിതികൾ ഉള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.**

**3. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ കുട്ടികളിൽ വികസിപ്പിക്കുക.**

**4.പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക .**

**5.ഗണിത പഠനത്തിൽ ഐ. സി ടി .യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക . (അധ്യാപകരും വിദ്യാർത്ഥികളും ) .**

**6.ഗണിത പഠന ശേഷി വികസിപ്പിക്കുക**

**7.ഗണിത അധ്യാപക ശാക്തീകരണം ഉറപ്പാക്കുക .**

**8.ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക.**

**9. ഗണിത പഠനതാൽപര്യം വളർത്തുക.**

**10.ശരിയായമൂല്യങ്ങളും മനോഭാവങ്ങളുംവളർത്തുന്നതിന് ഗണിതപഠനത്തെ പ്രയോജനപ്പെടുത്തുക.**

**11.കരിക്കുലം ലക്ഷ്യമാക്കുന്ന ഗണിതപഠനനേട്ടങ്ങൾ കുട്ടികൾ ആർജിക്കുന്നു എന്ന് ഉറപ്പുവരുത്തുക.**

**12. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിതത്തെ ശരിയായി പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.**

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ ആയ സങ്കലനം ഗുണനം എന്നിവ ഉറപ്പിക്കുന്നതിനായി ദിവസവും പട്ടികകൾ ചൊല്ലുന്ന പ്രവർത്തനം | എല്ലാദിവസവും അസംബ്ലിയിൽ.... | 1-7 | ഗണിതാധ്യാപകർ | 1,2,411, 12 | PTA SSK |
| ലോജിക്കൽ തിങ്കിംഗ് സ്പേഷ്യൽ ഇൻറലിജൻസ് എന്നിവ വികസിപ്പിക്കുന്നതിനുള്ള കൃത്യവും ക്രമവും ആയ പരിശീലന പരിപാടികൾ(ഗണിത പാറ്റേണുകൾ ജാമിതീയരൂപങ്ങൾഎന്നിവയുടെനിർമ്മാണവും വരയ്ക്കാനുള്ള പരിശീലനവും നൽകൽ , യുക്തിചിന്ത വളർത്തുന്നതിനുള്ള സുഡോക്കു പോലുള്ള കളികളുടെ പരിശീലനം , ഗണിത കേളികൾ,പ്രഹേളികകൾ നൽകൽ കുസൃതി കണക്കുകൾ, | ആഴ്ചയിൽ ഒരുദിവസം പരിശീലനം (വർഷം മുഴുവനും-ദീർഘം) | 1-7 | ഗണിതാധ്യാപകർ | 2,5,6,7,9 | |
| ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുക മാത്തമാറ്റിക്കൽ ഗെയിംസ് എന്നിവ സോൾവ് ചെയ്യാനുള്ള പരിശീലനം നൽകുക പരിചയപ്പെടുത്തുക, യുക്തിചിന്ത | മേളകളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | | ഗണിതാധ്യാപക | 4,8,10, 12 | |

| | | | | | |
|---|---|---|---|---|---|
| വളർത്തുന്നതിനുള്ള പരിശീലനപരിപാടികൾ നൽകുക . | | | ർ | | |
| ഐസിടി സാധ്യത പ്രയോജനപ്പെടുത്തി ഗണിതാശയങ്ങൾ പരിശീലിപ്പിക്കുക (ജിയോജിബ്ര... മറ്റു ഗണിത വീഡിയോകൾ എന്നിവ പ്രയോജനപ്പെടുത്തി പരിശീലനം നൽകുക ) | ടൈംടേബിൾ അനുസരിച്ച്ഗണിതപിരീഡിൽ | 3-7 | ഗണിതാധ്യാപകർ | 5,8 | |
| ഗണിത പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നതിനുള്ള(പാഠപുസ്തകത്തിലെ) പ്രവർത്തനങ്ങൾ ചിട്ടയായും ക്രമമായും സമയബന്ധിതമായി പൂർത്തിയാക്കുക സമയക്രമം അനുസരിച്ചുള്ള ഗണിതപഠനം വർഷം മുഴുവൻ തുടരുന്നു | ടൈംടേബിൾ അനുസരിച്ച്ഗണിതപിരീഡിൽ(വർഷം മുഴുവൻ - | 1-7 | ഗണിതാധ്യാപകർ | 1,2,3,6 | |

## മേഖല: വിവരസാങ്കേതികവിദ്യ

### ലക്ഷ്യങ്ങൾ :

**1.**വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുക.

**2.**അറിവ് സൃഷ്ടിക്കുന്നതിനും പങ്കുവെക്കുന്നതിനും ഐ.സി.ടി.യുടെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

**3.**കുട്ടികൾക്ക് കമ്പ്യൂട്ടറുകളും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളും സ്വതന്ത്രമായും സുരക്ഷിതമായും ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

**4.**ഓൺലൈൻ പഠന വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

**5.**സൈബർ സുരക്ഷയെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുകയും ഉത്തരവാദിത്തമുള്ള ഡിജിറ്റൽ പൗരന്മാരാകാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക.

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം (ദീർഘം/ഹ്രസ്വം/ ഉടൻ ചെയ്യുന്നവ) | ക്ലാസ്സ് | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|---|
| അധ്യാപകരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ചിട്ടയായി പൂർത്തിയാക്കുക | വർഷം മുഴുവൻ | 1-7 | ക്ലാസ് ടീച്ചർ | 1,2,3,4 | PTA, SSK |
| കുട്ടികളുടെ പ്രായത്തിനനുസരിച്ച് ലളിതമായ ഭാഷയിൽ സൈബർ സുരക്ഷയുടെ പ്രാധാന്യം, ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൈബർ ബുള്ളിയിംഗ് എന്നിവയെക്കുറിച്ച് പൊതുവായ ക്ലാസ്സുകൾ നൽകുക. | വർഷത്തിൽ ഒരിക്കൽ | 1-7 | സൈബർ സുരക്ഷാ പ്രവർത്തകർ | 5 | |
| വിദ്യാർത്ഥികൾ പഠിച്ച സാങ്കേതികവിദ്യാ പാഠങ്ങളെ അടിസ്ഥാനമാക്കി ലേഖനങ്ങൾ, ചിത്രങ്ങൾ, പസിലുകൾ, ചോദ്യോത്തരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ക്ലാസ് മാഗസിൻ തയ്യാറാക്കുക | വർഷാവസാനം | 1-7 | ക്ലാസ് ടീച്ചർ | 1,2,3,4 | |

## മേഖല: പ്രവർത്തിപരിചയം

**ലക്ഷ്യങ്ങൾ:**

**1.**എല്ലാ വിദ്യാർത്ഥികളിലും നൂതനമായ ചിന്തയും നിർമ്മാണശേഷിയും പ്രോത്സാഹിപ്പിക്കുക.

**2.**പാഴ്വസ്തുക്കളിൽ നിന്ന് പ്രയോജനകരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള കഴിവ് വികസിപ്പിക്കുക

**3.**പാഠ്യവിഷയങ്ങളെയും പഠനപ്രവർത്തനങ്ങളെയും യഥാർത്ഥ ജീവിതാനുഭവങ്ങളുമായും മറ്റ് വിഷയങ്ങളുമായും സംയോജിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

**4.**കൂട്ടായി പ്രവർത്തിക്കാനും ആശയങ്ങൾ പങ്കുവെക്കാനും പരസ്പരം സഹായിക്കാനുമുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തുക.

**5.**പ്രവർത്തനങ്ങൾ സധൈര്യം അവതരിപ്പിക്കുന്നതിന് പ്രാപ്തരാക്കുക

| **പ്രവർത്തനങ്ങൾ** | **കാല ദൈർഘ്യം** | **ക്ലാസ്സ്** | **ചുമതല** | **ലക്ഷ്യം** | **സാമ്പത്തികം** |
|---|---|---|---|---|---|
| പാഠഭാഗത്തോട് അനുബന്ധിച്ച് വരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പരിശീലനം നൽകി പങ്കെടുപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | 1 - 7 | ക്ലാസ് ടീച്ചർ | 1,4 | PTA, SSK |
| പേപ്പർ ബാഗ് പരിശീലനം, ഉപയോഗശൂന്യമായ മറ്റു വസ്തുക്കൾ ( ഉദാഹരണം: ഐസ്ക്രീം സ്റ്റിക്ക്, ബോള്, ഡിസ്പോസിബിൾ ഗ്ലാസ്, etc) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ. | സെപ്റ്റംബർ മുതൽ മാർച്ച് വരെ | 1 - 7 | ക്ലാസ് ടീച്ചർ | 2,4 | |
| ക്ലാസ് നിലവാരത്തിനനുസരിച്ച് കുട്ടികൾക്ക് പഠന വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുതന്നെ പ്രവർത്തി പരിചയ പരിശീലനത്തിന് അവസരം ഒരുക്കുന്നു.<br>ഉദാഹരണം<br>ഭാഷ- കഥാപാത്രങ്ങളുടെ രൂപങ്ങൾ കട്ടിക്കടലാസിൽ വെട്ടിയെടുക്കുന്നു, മുഖംമൂടി നിർമ്മാണം , etc<br>ശാസ്ത്രം- വിവിധ മാതൃകകളുടെ നിർമ്മാണം<br>ഗണിതം - ഗണിതരൂപങ്ങൾ ഉപയോഗിച്ച് വസ്തുക്കളുടെ | സെപ്റ്റംബർ മുതൽ മാർച്ച് വരെ | 1 - 7 | ക്ലാസ് ടീച്ചർ | 3,4 | |

| | | | | | |
|---|---|---|---|---|---|
| മാതൃകകൾ നിർമ്മിക്കാൻ. | | | | | |
| സ്കൂളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളിലൂടെയും പരിശീലന ക്ലാസ്സുകളിലൂടെയും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക. ഇവരുടെ കഴിവുകൾക്ക് അനുസരിച്ച് ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങളും പരിശീലനവും നൽകുക. | ജൂൺ മുതൽ ഒക്ടോബർ വരെ | 1-7 | ക്ലാസ് ടീച്ചർ , PTA | 5 | |

## മേഖല: കലാ വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ:**

1.ഓരോ വിദ്യാർത്ഥിയിലുമുള്ള കലാപരമായ വാസനകളും സവിശേഷമായ കഴിവുകളും തിരിച്ചറിയുക.

2.വിദ്യാർത്ഥികളിൽ കലയോടുള്ള താൽപ്പര്യവും ആസ്വാദനശേഷിയും വളർത്തിയെടുക്കുക.

3.വ്യക്തിഗത കലാവികസനത്തിന് അവസരം നൽകുക.

4.പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാപരമായ ആശയങ്ങളെ കണ്ടെത്തി, അവയെ സ്കൂൾ തലത്തിൽ അവതരിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമ തല | ലക്ഷ്യം | സാ മ്പ |
|---|---|---|---|---|---|

| | (ദീർഘം/ഹ്രസ്വം/ ഉടൻ ചെയ്യുന്നവ) | | | | ത്തി കം |
|---|---|---|---|---|---|
| സ്കൂളിലെ വിദ്യാർത്ഥികളുടെ കലാപരമായ അഭിരുചികൾ (പാട്ട്, നൃത്തം, ചിത്രരചന, രചനകൾ തുടങ്ങിയവ) കണ്ടെത്തി അവയ്ക്ക് അനുസൃതമായി PTA അംഗങ്ങളിൽ നിന്നോ പ്രാദേശിക സമൂഹത്തിൽ നിന്നോ അതത് കലാ ഇനങ്ങളിൽ പ്രാഗത്ഭ്യമുള്ള വ്യക്തികളെ കണ്ടെത്തുക. ഇവരുടെ സഹായത്തോടെ പ്രത്യേക പരിശീലന ക്ലാസ്സുകൾ ചിട്ടപ്പെടുത്തുക. | ജൂൺ മുതൽ മാർച്ച് വരെ | 1-7 | ക്ലാസ് ടീച്ചർ , PTA | 1,2,3 | PTA, SSK |
| പ്രധാനപ്പെട്ട ദിനാചരണങ്ങളുമായി (ഉദാ: സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം, പരിസ്ഥിതി ദിനം, വായനാ ദിനം) ബന്ധപ്പെട്ട് ലഘുവും എന്നാൽ സർഗ്ഗാത്മകവുമായ കലാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ഇത് കുട്ടികളിൽ കലാപരമായ കഴിവുകൾക്കൊപ്പം സാമൂഹിക അവബോധവും വളർത്താനും പൊതുവേദികളിൽ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം നൽകാനും സഹായിക്കും. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | 1-7 | ക്ലാസ് ടീച്ചർ , PTA | 1,2,3 | |

| | | | | | |
|---|---|---|---|---|---|
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വരുന്ന കലാപരമായ വിഷയങ്ങളെ അസംബ്ലിയിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | 1-7 | ക്ലാസ് ടീച്ചർ | 1,2,3 | |
| സ്കൂളിൽ നടക്കുന്ന വിവിധ കലാപരമായ പ്രവർത്തനങ്ങളിലൂടെയും പരിശീലന ക്ലാസ്സുകളിലൂടെയും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക. ഇവരുടെ കഴിവുകൾക്ക് അനുസരിച്ച് കലാമേളകളിൽ പങ്കെടുപ്പിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങളും പരിശീലനവും നൽകുക. | ജൂൺ മുതൽ ഒക്ടോബർ വരെ | 1-7 | ക്ലാസ് ടീച്ചർ , PTA | 4 | |

## മേഖല: ആരോഗ്യ കായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ:**

1. വിദ്യാർത്ഥികളിൽ മാനസികമായ ഉൾക്കരുത്ത് വളർത്തുകയും, അതുവഴി അവർക്ക് ഏത് ലക്ഷ്യങ്ങളും നേടാനുള്ള ആത്മവിശ്വാസം നൽകുകയും ചെയ്യുക.

2. എല്ലാ കുട്ടികളിലും മികച്ച ശാരീരികക്ഷമതയും ഊർജ്ജസ്വലതയും ഉറപ്പുവരുത്തുക.

3. വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ജീവിതശൈലിയും ശുചിത്വ ശീലങ്ങളും രൂപപ്പെടുത്തുക.

4. എല്ലാ കുട്ടികൾക്കും വിവേചനമില്ലാതെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ പങ്കെടുക്കാനും കഴിവുകൾ വികസിപ്പിക്കാനുമുള്ള തുല്യ അവസരങ്ങൾ ലഭ്യമാക്കുക.

5. സ്കൂൾ പരിസരം മാലിന്യമുക്തവും ഹരിതാഭവവുമാക്കുന്നതിലൂടെ ആരോഗ്യകരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക.

| പ്രവർത്തനങ്ങൾ | കാല | ക്ലാ | ചുമ | ലക്ഷ്യം | സാ |
|---|---|---|---|---|---|

| | **ദൈർഘ്യം (ദീർഘം/ഹ്രസ്വം/ഉടൻ ചെയ്യുന്നവ)** | **സ്റ്റ** | **തല** | | **ബ ത്തി കം** |
|---|---|---|---|---|---|
| കുട്ടികളിൽ ഉൾക്കരുത്ത് വളർത്തുന്നതിനായി പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ യോഗ പരിശീലനം നൽകുന്നു | | 1-7 | ക്ലാസ് ടീച്ചർ , PTA | 1,2,3 | PTA, SSK |
| കുട്ടികൾക്ക് ശാരീരിക ക്ഷമതയും ഊർജ്ജസ്വലതയും ഉറപ്പുവരുത്തുന്നതിനായി അസംബ്ലിക്ക് ശേഷം സുംബ പരിശീലിപ്പിക്കുന്നു. | | 1-7 | ക്ലാസ് ടീച്ചർ , PTA | 1,2,3 | |
| ഉച്ചഭക്ഷണ പദ്ധതിയിൽ കുട്ടികളുടെ ആരോഗ്യത്തിന് ആവശ്യമായ പോഷക ഘടകങ്ങൾ ഉറപ്പുവരുത്തുന്ന ഭക്ഷണവിഭവങ്ങൾ തയ്യാറാക്കുന്നു. | | 1-7 | ക്ലാസ് ടീച്ചർ , PTA | 2,3 | |
| സ്കൂൾ വാർഷികത്തിലും കായികമേളകളിലും പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു. | | 1-7 | ക്ലാസ് ടീച്ചർ , PTA | 4 | |
| സ്കൂളിൽ ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരിക്കുന്നു.സ്കൂൾ പരിസരങ്ങൾ മാലിന്യമുക്തവും ഹരിതാഭവും ആക്കി തീർക്കുന്നതിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രവർത്തനങ്ങൾ ദിനാചരണങ്ങളോടനുബന്ധിച്ച് നടപ്പിലാക്കുന്നു. | | 1-7 | ക്ലാസ് ടീച്ചർ , PTA | 5 | |

# മേഖല: ജൈവവൈവിധ്യ പാർക്ക്

## ലക്ഷ്യങ്ങൾ:

1. പ്രകൃതിയെ അടുത്തറിയുവാനും, സ്വയം പഠിക്കുവാനും ഫലപ്രദമായി ഉപയോഗപ്പെടുത്താനും കഴിയുന്നു.
2. ജൈവ വൈവിധ്യം തിരിച്ചറിയുക.
3. പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തുക.
4. കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
5. വിദ്യാലയത്തെ പരിസ്ഥിതി സൗഹാർദ്ദപരമാക്കുക.
6. പ്രകൃതി ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ക്യാമ്പസിനെ ഒരു പാഠപുസ്തകം ആയി വികസിപ്പിക്കുക.
7. ജൈവ വൈവിധ്യ പാർക്ക് നിരീക്ഷണ പരീക്ഷണങ്ങളിലൂടെ നിഗമനത്തിലെത്തുന്ന ശാസ്ത്രീയ രീതി സ്വയത്തമാക്കുന്നതിനുള്ള ഇടമാക്കി മാറ്റുക.
8. വിവിധ ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ള പഠനം ഉറപ്പാക്കുക.
9. പഠനോപകരണങ്ങൾ ചുറ്റുപാടിൽ നിന്ന് തന്നെ ലഭ്യമാക്കുക.

| പ്രവർത്തനങ്ങൾ | കാല ദൈർഘ്യം (ദീർഘം/ഹ്രസ്വം/ | ക്ലാസ്സ് | ചുമതല | ലക്ഷ്യം | സാമ്പത്തി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | **ഉടൻ ചെയ്യുന്നവ)** | | | | **കം** |
| ജൈവവൈവിധ്യ ഉദ്യാനം വിപുലമാക്കുന്നതിന് പലതരം ചെടികൾ ശേഖരിച്ച് തരംതിരിച്ച് നട്ടുവളർത്തുക . | ജൂൺ മുതൽ മാർച്ച് വരെ | 3-7 | കാർഷിക ക്ലബ്ബ് | 1,2,3,5,6 | ഗണിതാധ്യാപകർ |
| പഠന പ്രവർത്തനങ്ങളിൽ പ്രകൃതിയെ നേരിട്ട് നിരീക്ഷിക്കുവാനുള്ള അവസരം ഒരുക്കുന്നു . | സമയബന്ധിതമായി | 1-7 | | 2,6,7 | |
| ഉച്ച ഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ കൃഷി ചെയ്യുന്നു . | ജൂൺ മുതൽ മാർച്ച് വരെ | 4-7 | | 1,4 | |
| ഉച്ച ഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ കൃഷി ചെയ്യുന്നു . | ജൂൺ മുതൽ മാർച്ച് വരെ | 3-4 | | 3,4,5 | |
| ശലഭോദ്യാനം തയ്യാറാക്കുന്നതിന്റെ ഭാഗമായി അതിനുവേണ്ട സസ്യങ്ങൾ , പൂച്ചെടികൾ എന്നിവ ശേഖരിച്ച് നട്ടുവളർത്തുന്നു . | സമയബന്ധിതമായി | 3-7 | | 1,2,7,8 | |
| സ്കൂൾ ക്യാമ്പസിലെ വിവിധതരം ചെടികളുടെ പേര് (ശാസ്ത്രീയ നാമം) എഴുതിയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു . കൂടാതെ സസ്യങ്ങളുടെ വിശദവിവരങ്ങൾ പ്രദർശിപ്പിക്കുന്നു . | സമയബന്ധിതമായി | 6-7 | | 5,8,9 | |

| | | | | | |
|---|---|---|---|---|---|
| **സ്കൂളിൽ ചെയ്തുവരുന്ന പച്ചക്കറി തോട്ടം, പൂന്തോട്ടം, ഔഷധത്തോട്ടം, ശലഭോദ്യാനം, ജൈവവൈവിധ്യ പാർക്ക് എന്നിവ പരിപാലിക്കുക.** | **സമയബന്ധിതമായി** | 5-7 | | 1,2,3,6 | |

# നിർവഹണ ചുമതല

- ബിന്ദു കെ കെ (ഹെഡ്മിസ്ട്രസ്)
- സുനിത ജോൺ പി (എസ് ആർ ജി കൺവീനർ)
- ശ്രീലത കെ
- ലത കെ
- പ്രസേനൻ കെ എ
- ലിസ പോൾ
- സജീഷ കെ എസ്
- ശ്രീജ പി യു
- ബിന്ദു ഇ കെ

## ഗവ. അപ്പർ പ്രൈമറി സ്കൂൾ അരണാട്ടുകര